(സി) ജലശുദ്ധീകരണശാലയ്ക്കും മറ്റുള്ള അനുയോജ്യമായ സ്ഥലം എത്രയും വേഗത്തിൽ കണ്ടെത്തി നൽകണമെന്ന് കീരമ്പാറ പഞ്ചായത്ത് അധികൃതരോട് വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ സമയബന്ധിതമായ നിർമ്മാണം സാധ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണം, ഇറിഗേഷൻ, റവന്യൂ തുടങ്ങിയ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(ഡി) കാലതാമസം മൂലമുള്ള നഷ്ടം കണക്കാക്കിയിട്ടില്ല.

(ഇ) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സ്ഥലം ലഭ്യമായാൽ രണ്ടുവർഷത്തിനുള്ളിൽ പദ്ധതി പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യാൻ സാധിക്കുന്നതാണ്.

ചീക്കോട് കുടിവെള്ള പദ്ധതി രാമനാട്ടുകര പഞ്ചായത്തിൽ

210 (2765) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചീക്കോട് കുടിവെള്ള പദ്ധതിയിൽ നിന്നും രാമനാട്ടുകര പഞ്ചായത്തിൽ കുടിവെള്ളം നൽകാൻ തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാവുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചീക്കോട് കുടിവെള്ള പദ്ധതിയിൽ രാമനാട്ടുകര പഞ്ചായത്തിനെ ഉൾപ്പെടുത്തുവാൻ വേണ്ടിയുള്ള സാങ്കേതിക പഠനത്തിനായി നിർദ്ദേശിച്ചിരുന്നു.

(ബി) ചീക്കോട് കുടിവെള്ള പദ്ധതിയിൽനിന്നും രാമനാട്ടുകര പഞ്ചായത്തിൽ കുടിവെള്ളമെത്തിക്കുന്ന പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കുന്നതേയുള്ളൂ.

കുടിവെള്ള സ്രോതസ്സുകളുടെ പരിരക്ഷണം

211 (2766) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുടിവെള്ള സ്രോതസ്സുകളുടെ നാശത്തിന് ത്വരിത നഗരവത്ക്കരണം കാരണമായിട്ടുണ്ട് എന്ന വസ്തുത പഠന വിധേയമാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുടിവെള്ള സ്രോതസ്സുകളുടെ പരിരക്ഷണത്തിനായി നിയന്ത്രിതമായ തോതിൽ നഗരവത്ക്കരണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) നഗര പ്രദേശങ്ങളിലെ കുടിവെള്ള സ്രോതസ്സുകളെ സംരക്ഷിക്കാൻ പുതിയ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശം നൽകാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കുടിവെള്ള സ്രോതസ്സുകളായി പ്രധാനമായും ആശ്രയിക്കുന്നത് പുഴകൾ, തടാകങ്ങൾ, ഡാമുകൾ, ചിറകൾ/കുളങ്ങൾ എന്നിവയാണ്. നഗരവത്കരണത്തിന്റെ ഭാഗമായി ഈ സ്രോതസ്സുകളിലെ ജലഗുണനിലവാരം താഴ്ന്നതായി സി.ഡബ്ല്യു.ആർ.ഡി.എം., സി.ഇ.എസ്സ്.എസ്സ് തുടങ്ങിയ സ്ഥാപനങ്ങൾ നടത്തിയ പഠനങ്ങൾ സൂചിപ്പിക്കുന്നു. കൂടാതെ, കിണറുകളിലെ ജലത്തിന്റെ കോളീഫോം ബാക്ടീരിയയുടെ അളവ് കൂടിയ തോതിൽ ഉള്ളതായും സി.ഡബ്ല്യു.ആർ.ഡി.എം. പഠന റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു.

(ബി) പരിഗണനയിലില്ല.

(സി) ജലസേചന വകുപ്പിലും ഭൂജലവകുപ്പിലും നഗര പ്രദേശങ്ങളെ കേന്ദ്രീകരിച്ചുള്ള പദ്ധതികളൊന്നും വിഭാവനം ചെയ്തിട്ടില്ല. എന്നാൽ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള സ്രോതസ്സുകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി മലയിൻകീഴ്, മാറനല്ലൂർ, വിളവൂർക്കൽ, വിളപ്പിൽ പഞ്ചായത്തുകൾക്കും, തിരുവനന്തപുരം നഗരത്തിനും നെയ്യാർ സ്രോതസ്സായുള്ള കുടിവെള്ള പദ്ധതിക്കുവേണ്ടി നെയ്യാർ നദിക്കുകുറുകെ മാറനല്ലൂർ പഞ്ചായത്തിലെ അരുവിക്കരയിൽ തടയണ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

കുട്ടനാട് പാക്കേജ്

212 (2767) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് 70 കോടി രൂപ അനുവദിച്ച പ്രവൃത്തി നടപ്പാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്ലാന്റിൽനിന്നും ഓവർഹെഡ് ടാങ്കിലേക്കുള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ പ്രവൃത്തി എത്രത്തോളമായി എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly